# പത്മനാഭസ്തുതി പാടി പരലോക യാത്ര

*സ്വന്തം ലേഖകൻ*

തിരുവനന്തപുരം : ശ്രീപത്മനാഭനെ സ്തുതിക്കുന്ന കീർത്തനം പാടി വേദിയിൽ വച്ചുതന്നെ അന്ത്യയാത്ര.

സ്വാതിസംഗീത നിർഝരിയിലാ   കാർത്തികതിരുനാൾ തിയറ്ററിൽവച്ചു തിരുവിതാംകൂർ കൊട്ടാരം ഗായകനായ എ.പി.ഹരിഹരഭാഗവതർ (74) ജീവിതത്തോടു വിടചൊല്ലിയതോടെ മുല്ലമൂടു ഭാഗവതർമാരുടെ പരമ്പരയിലെ ജീവിച്ചിരിപ്പുള്ള ഏററവും പഴക്കമേറിയ കണ്ണി അററു.

ഇന്നലെ മൂന്നുമണിയോടെ സ്വാതിതിരുനാൾ ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച ശില്പശാല തുടങ്ങുന്നതിനുമുമ്പു ഹരിഹരഭാഗവതർ വേദിയിലേക്കു വേച്ചുവേച്ചുകയറി. സദസിൽ നാലഞ്ചുപേർമാത്രം.

ആരാധകന് ആസ്വാദകരെന്തിന് എന്നമട്ടിൽ തൻെറ കൊച്ചു ഹാർമോണിയത്തിൽ ശ്രുതിമീട്ടി ശ്രീപത്മനാഭനെ സ്മരിച്ചുകൊ   ുള്ള സ്വാതിതിരുനാൾ കൃതി അദ്ദേഹം ആലപിച്ചുതുടങ്ങി.

കീർത്തനംമുഴുവനാക്കുന്നതിനുമുമ്പ് അസ്വസ്ഥനായ അദ്ദേഹം അടുത്തിരുന്ന ശീതളപാനീയം എടുത്തുകഴിക്കാൻ ശ്രമിച്ചുവെങ്കിലും അതിനു കഴിഞ്ഞില്ല. പെട്ടെന്നു ബോധഹീനനായ അദ്ദേഹം വേദിയിൽതന്നെ അന്ത്യശ്വാസം വലിച്ചു.

ഉറങ്ങുന്നതിനും ഉണരുന്നതിനുംമുമ്പ് ഓരോ രാഗത്തിലുള്ള കീർത്തനമാലപിക്കണമെന്നു നിഷ്ഠയു   ായിരുന്ന മുല്ലമൂടു ഭാഗവതൻമാർ രാഗപ്രസ്താരത്തിൽ മായം ചേർക്കാതെ തലമുറകളായി തനതായ സംഗീതാലാപനസമ്പ്രദായം പുലർത്തിപ്പോന്നിരുന്നു.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ തോടയമംഗളം പാടുന്നതും പൂജാവേളകളിൽ കീർത്തനമാലപിക്കുന്നതും മുല്ലമൂടു ഭാഗവതൻമാർതന്നെ.

സ്വാതിതിരുനാൾ സംഗീതസഭയുടെ പ്രവർത്തകനും സംഗീതവിദ്യാലയത്തിലെ അധ്യാപകനുമായ ഹരിഹരഭാഗവതർ തികഞ്ഞ ദാരിദ്ര്യത്തിലാണു കഴിഞ്ഞിരുന്നത്.